# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊന്നത്തടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7-286/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 04/04/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊന്നത്തടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-8,1-9,1-10 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7-286/2023 തീയ്യതി: 04/04/2023

## ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2021 മുതൽ 18-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 19-12-2022 | 24-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-12-2022 | 24-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. റ്റി. എസ്. ധനജയൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. എം. എസ്. രാജീവ്, ഓഡിറ്റ് ഓഫീസർ
ശ്രീ. ജോമോൻ ഫ്രാൻസിസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അബ്ദുൾ അലി കുന്നൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഡെന്നിസ് ജോസഫ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി രമ്യ റെനീഷ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ സതീഷ് കുമാർ പി കെ | സെക്രട്ടറി | 01-04-2021 | 22-12-2021 |
| ശ്രീ പി ഹരിദാസ് | സെക്രട്ടറി | 23-12-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ വി കെ ശ്രീകുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 19-07-2021 |

| | | | |
|---|---|---|---|
| ശ്രീ മനീഷ് ദേവ് ഡി | അസിസ്റ്റന്റ് സെക്രട്ടറി | 20-07-2021 | 02-01-2022 |
| ശ്രീമതി കാഞ്ചന റ്റി കെ | അസിസ്റ്റന്റ് സെക്രട്ടറി | 03-01-2022 | 31-03-2022 |
| ശ്രീ സിജി എം എ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ തോമസ് മണവാളൻ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ ദീപു കൃഷ്ണ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2021 | 31-03-2022 |
| ശ്രീ സനിത് കുമാർ എൻ റ്റി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീ ബിജുമോൻ എബ്രഹാം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 03-10-2021 |
| ശ്രീ അരവിന്ദ് രാമചന്ദ്രൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 04-10-2021 | 31-03-2022 |
| ശ്രീമതി ഷെറിൻ ആൻഡ്രൂസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 21-03-2022 |
| ശ്രീ ജോയൽ കെ ജോസ് | ഓവർസിയർ (അസി. എഞ്ചിനീയറുടെ അധിക ചുമതല) | 21-03-2022 | 31-03-2022 |
| ഡോ മേരി ലിന ജോസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി അജിത എസ് കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 16-11-2021 |
| ശ്രീമതി ജോളി കെ പി | ഐ സി ഡി എസ് സൂപ്പർവൈസർ | 17-11-2021 | 31-03-2022 |
| ശ്രീ ജയദേവൻ എം കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാര്‍ഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | റോഡിതര മെയിന്റനന്‍സ് ഫണ്ട് ചെലവ് 75.41 ശതമാനം മാത്രം - ₹4,88,848.6 ലാപ്സായി | 1-3-1 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | പദ്ധതികളുടെ ബാഹുല്യം - മരാമത്ത് പ്രവൃത്തികളുടെ കാര്യക്ഷമതയെ സാരമായി ബാധിക്കുന്നു | 1-4-1 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 8 | ക്ഷേമ പദ്ധതികള്‍ | 1-6 |
| 9 | ക്യാഷ് പരിശോധന | 1-7 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 11 | വാര്‍ഷിക ധനകാര്യ പത്രിക സംബന്ധിച്ച അപാകതകള്‍ | 1-9 |
| 12 | ഓണ്‍ലൈന്‍ മുഖേന ഒടുക്കുന്ന തുകകള്‍ അക്കൗണ്ടില്‍ സമയബന്ധിതമായി എത്തുന്നില്ല | 1-9-1 |
| 13 | വസ്തു നികുതി നിര്‍ണ്ണയത്തില്‍ അപാകത | 1-10-1 |
| 14 | വസ്തു നികുതി നിര്‍ണ്ണയത്തില്‍ അപാകത | 1-10-2 |
| 15 | തൊഴില്‍ നികുതി പൂര്‍ണ്ണമായി ഈടാക്കിയിട്ടില്ല | 1-11 |
| 16 | ക്രമപ്പെടുത്തല്‍  ഫീസ് ഈടാക്കിയിട്ടില്ല | 1-12 |
| 17 | ലൈസന്‍സ് ഇല്ലാതെ സ്ഥാപനങ്ങള്‍ പ്രവര്‍ത്തിക്കുന്നു | 1-13 |
| 18 | വാടക കുടിശ്ശിക ഈടാക്കുവാന്‍ അവശേഷിക്കുന്നു | 1-14 |
| 19 | ക്ഷാമബത്ത കുടിശ്ശിക - എന്‍.പി.എസ്. വിഹിതം അടവാക്കിയില്ല | 1-15 |
| 20 | എസ്.സി. വിദ്യാര്‍ത്ഥികള്‍ക്ക് സ്കോളര്‍ഷിപ്പ് - ഒരേ വിദ്യാര്‍ത്ഥിക്ക് ഗ്രാമപഞ്ചായത്തില്‍ നിന്നും ബ്ലോക്ക് പഞ്ചായത്തില്‍ നിന്നും സ്കോളര്‍ഷിപ്പ് അനുവദിച്ചിരിക്കുന്നു | 1-16 |
| 21 | പഠനമുറി നിര്‍മ്മാണം - അധിക തുക നല്‍കിയിരിക്കുന്നു | 1-17 |
| 22 | സോളാര്‍ തെരുവ് വിളക്ക് സ്ഥാപിക്കല്‍ അപാകതകള്‍. | 1-18 |
| 23 | അഗ്രോ സര്‍വ്വീസ് സെന്ററിലെ ട്രാക്ടറിന് കേജ് വീല്‍ വാങ്ങല്‍ | 1-19-1 |
| 24 | വനിതാ സ്വയം തൊഴില്‍ സംരംഭം (കാര്‍ഷിക നേഴ്സറി) - അപാകതകള്‍ | 1-19-2 |
| 25 | അംഗനവാടികള്‍ക്ക് ഫര്‍ണിച്ചര്‍ വാങ്ങല്‍ - ആവശ്യത്തിലധികം കസേരകള്‍ വാങ്ങി | 1-20 |
| 26 | പാലിയേറ്റീവ് കെയര്‍ - പദ്ധതി മാര്‍ഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു | 1-21 |
| 27 | മഴക്കാല പൂര്‍വ്വ ശുചീകരണം - അഡ്വാന്‍സ് നല്‍കിയ തുക ഈടാക്കിയില്ല | 1-22-1 |
| 28 | മഴക്കാല പൂര്‍വ്വ ശുചീകരണം -ചെലവ് രേഖകള്‍ പൂര്‍ണ്ണമായി ഹാജരാക്കിയില്ല. | 1-22-2 |
| 29 | ആസ്തി രജിസ്റ്റര്‍ അപൂര്‍ണ്ണം | 1-23 |
| 30 | സ്ട്രീറ്റ് ലൈന്‍ എക്സ്റ്റന്‍ഷന്‍ - പൂര്‍ത്തിയായില്ല | 1-24-1 |
| 31 | ഡെപ്പോസിറ്റ് പ്രവൃത്തികള്‍ക്കായി തുക അനുവദിച്ചത് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-24-2 |
| | ഭാഗം **2** | |
| | --- No Records Found --- | |

| | | |
|---|---|---|
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 20.02.2021ലെ 1(1) നമ്പർ തീരുമാനപ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബജറ്റ് അംഗീകരിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | 19-02-2021 |
| ബജറ്റ് അവതരിപ്പിച്ച തീയതി | 20-02-2021 |
| ബജറ്റ് അംഗീകരിച്ച ഭരണസമിതി തീരുമാനം/തീയതി | 3(I)/20.02.2021<br>(രണ്ടാമത്തെ യോഗം) |
| പരിഷ്കരിച്ച ബജറ്റ് അവതരിപ്പിച്ച തീയതി | 24.03.2022 |
| പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ച ഭരണസമിതി തീരുമാനം/തീയതി | 1(1)/31.03.2022 |

| ഇനം | പരിഷ്കരിച്ച ബജറ്റ് പ്രകാരം തുകകൾ |
|---|---|
| മുന്നിരിപ്പ് | ₹52307180 |
| വരവ് | ₹387717000 |
| ആകെ | ₹440024180 |
| ചെലവ് | ₹396373998 |
| നീക്കിയിരിപ്പ് | ₹43650182 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 01-06-2022 | - | - |

### 1-3 ഗ്രാന്റ് വിനിയോഗം

| ഇനം | മുൻബാക്കി ₹ | അലോട്ട്മെന്റ്/ തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | | 25731000 | 25731000 | 25530578 | |
| വികസനഫണ്ട് – എസ്.സി.പി. | | 2324000 | 2324000 | 1895000 | |
| വികസനഫണ്ട് – ടി.എസ്.പി. | | 817000 | 817000 | 726000 | |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | | 13963896 | 13963896 | 7476415 | 6487481 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | | 5518460 | 5518460 | 5278070 | 240390 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | | 2364000 | 2364000 | 2119061 | |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | | 10662587 | 10662587 | 8041221 | |
| പകർച്ചവ്യാധി നിയന്ത്രണം | 0 | 100000 | 100000 | 100000 | 0 |
| സമ്പൂർണ്ണ ശുചിത്വം | 2661337 | 0 | 2661337 | 962146 | 1699191 |
| ഐ.സി.ഡി.എസ്. | 1574782 | 1210001 | 2784783 | 905776 | 1879007 |
| പശ്ചിമഘട്ടം | 2762122 | 0 | 2762122 | 0 | 2762122 |
| ശുചിത്വമിഷൻ | 231939 | 190000 | 421939 | 329584 | 92355 |
| ജലനിധി | 2121940 | 1889951 | 4011891 | 245967 | 3765924 |
| കേരളോത്സവം | 20000 | 20000 | 40000 | 20000 | 20000 |
| പഠന ലിഖന അഭിയാൻ | 0 | 346808 | 346808 | 333559 | 13249 |

. വികസന ഫണ്ട് (പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി) എന്നിവയുടെ രണ്ട്, മൂന്ന് ഗഡുക്കൾ അനുവദിച്ച വേളയിൽ ലൈഫ് ലോൺ തിരിച്ചടവ് വിഹിതം സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ

തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, ഫണ്ടുകളുടെ വരവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ സ്രോതസ്സം ഇനം തിരിച്ചും ലഭ്യമല്ല.

. വാർഷിക കണക്കുകൾ പ്രകാരം സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) വരവ് ₹71,87,000/- ആണ്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ₹1,39,63,896/- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) വരവ് ₹48,70,513/- ആണ്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ₹55,18,460/- എന്നിങ്ങനെയാണ്.

### 1-3-1 റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 75.41 ശതമാനം മാത്രം - ₹4,88,848.6 ലാപ്സായി

റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹1,06,62,587/-ൽ 2021-22 സാമ്പത്തിക വർഷം ₹80,41,221/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 75.42 ശതമാനം മാത്രമാണ് ചെലവ്. 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് 80%ൽ കുറയാതെ ചെലവഴിക്കാത്തപക്ഷം അനുവദിച്ച തുകയുടെ 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹4,88,848.6 ലാപ്സായി.

| അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| 10662587 | 8041221 | 2621366 | 75.42 | 2132517.4 | 488848.6 |

### 1-4 പദ്ധതി അവലോകനം

2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| പദ്ധതി അടങ്കൽ ₹ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 151456435 | 229 | 178 | 60191685 | 6 | 55 |

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയ്ക്ക് 111/2021/ഡി.പി.സി./ഡി.പി.ഒ./ഐ.ഡി.കെ./തീ. 22.02.2021 ആയി അംഗീകാരം ലഭിച്ചിരുന്നു. 4.63 കോടി രൂപ അടങ്കലിൽ 85 പ്രോജക്ടുകളാണ് 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ആയതിൽ 56 എണ്ണം സ്പിൽ ഓവർ പദ്ധതികളാണ്. പിന്നീട് ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെയും സംരക്ഷണ ഗ്രാന്റിന്റെയും അധിക വിഹിതം കൂടി വകയിരുത്തി പുതിയ 144 പദ്ധതികൾ കൂടി ഉൾപ്പെടുത്തി 15.14 കോടി രൂപ അടങ്കലിൽ 2021 മാർച്ചിൽ പദ്ധതി പരിഷ്കരിച്ചു. വാർഷിക പദ്ധതി രൂപീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 02.02.2021 |
| ഗ്രാമസഭ, ഊരുകൂട്ട യോഗങ്ങൾ | 2 എണ്ണം വീതം |
| വികസന സെമിനാർ | 19.02.2021 |
| സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അംഗീകാരം | 02/21 |
| ഭരണ സമിതിയുടെ അംഗീകാരം | 06.02.2021 |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിന് പകരം മുൻ വർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പുതുതായി രൂപീകരിക്കുന്ന പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പിൽ നിന്ന്

ഉരുത്തിരിഞ്ഞ് വരുന്നവയല്ല. വർക്കിംഗ് ഗ്രൂപ്പുകൾ വർഷത്തിൽ രണ്ട് പ്രാവശ്യം മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്.

സ്റ്റാന്റിംഗ് കമ്മിറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ അതേപടി അംഗീകരിച്ചിട്ടുള്ളത്, ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തിരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവ് എന്നിവ പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് കാര്യമായ പങ്കുള്ളതായി കാണുന്നില്ല..

15.14 കോടി രൂപയുടെ 2021-22 വാർഷിക പദ്ധതിയിൽ 6.09 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആവിഷ്കരിച്ച 239 പ്രോജക്ടുകളിൽ 74.47 ശതമാനമാണ് പൂർത്തീകരിച്ച് സമയബന്ധിതമായി ബില്ലുകൾ മാറുന്നതിന് സാധിച്ചിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 100 | 4720560 | 3155179 |
| വെറ്ററിനറി സർജൻ | 8 | 7 | 87.5 | 4256220 | 2750511 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 6 | 5 | 83.33 | 3837447 | 2676231 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | | | | | |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100 | 300000 | 300000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - 1 | 19 | 16 | 84 | 68113626 | 4909064 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - 2 | | | | | |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 100 | 138000 | 36147 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 4 | 100 | 6250000 | 5901780 |
| സെക്രട്ടറി | 36 | 28 | 77.77 | 30383872 | 20223199 |
| അസി. സെക്രട്ടറി | 9 | 8 | 88.88 | 3172443 | 2805670 |
| ഹെഡ്മാസ്റ്റർ | 2 | 2 | 100 | 700000 | 699000 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 100 | 3500000 | 1798933 |
| അസി. എഞ്ചിനീയർ | 133 | 102 | 76.69 | 26084267 | 14935971 |
| ആകെ | 229 | 184 | 80.34 | 140593480 | 67687577 |

### 1-4-1 പദ്ധതികളുടെ ബാഹുല്യം - മരാമത്ത് പ്രവൃത്തികളുടെ കാര്യക്ഷമതയെ സാരമായി ബാധിക്കുന്നു

35 സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പെടെ തൻ വർഷം 133 പദ്ധതികൾ ആവിഷ്ക്കരിച്ചതിൽ 29 സ്പിൽ ഓവർ പ്രോജക്ടുകളും 75 തൻ വർഷ പ്രവൃത്തികളും ഉൾപ്പെടെ 104 പദ്ധതികളാണ് തൻ വർഷം നടപ്പാക്കിയത്. തൻ വർഷം പുതുതായി രൂപീകരിച്ച 98 പ്രോജക്ടുകളിൽ 23 എണ്ണത്തിന് തുകയൊന്നും ചെലവഴിച്ചിട്ടില്ല സ്പിൽ ഓവർ പദ്ധതികളുടെ

ബാഹുല്യം മൂലം പുതിയ പ്രോജക്ടുകൾക്ക് ഫണ്ട് ലഭ്യമല്ലാത്ത അവസ്ഥ ഒഴിവാക്കുന്നതിന് പദ്ധതികൾ സ്പിൽ ഓവറാക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. പ്രത്യേക സാഹചര്യങ്ങളിൽ ഒഴികെ പദ്ധതികൾ അതത് വർഷങ്ങളിൽ തന്നെ പൂർത്തീകരിച്ച് പ്രതിഫലം നൽകുന്നതിന് പരമാവധി ശ്രദ്ധിക്കേണ്ടതാണ്. വാർഡ് വിഭജനം എന്ന സങ്കുചിത കാഴ്ചപ്പാടിലൂടെ പ്രോജക്ട് രൂപീകരിക്കുന്നത് മൂലം ശരിയായ വികസനം സാധ്യമാവുന്നില്ല. റോഡ് പ്രവൃത്തികളിൽ ഭൂരിഭാഗവും കോൺക്രീറ്റ് പ്രവൃത്തികളായിരുന്നു. ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾ നാമ മാത്രമായാണ് നടത്തിയിട്ടുള്ളത്. ഇത് ശരിയായ വികസന കാഴ്ചപ്പാടല്ല. പദ്ധതി ബാഹുല്യം മൂലം പ്രോജക്ടുകളുടെ വളരെയധികം തുടർ നടപടികൾ എഞ്ചിനീയറിംഗ് വിഭാഗത്തിന് ചെയ്യേണ്ടതായി വരുന്നു. ഇത് കൃത്യമായി മോണിട്ടറിംഗ് നടത്തുന്നതിന് വിഘാതമാകുന്നു. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകൾ ഒഴിവാക്കി പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതും ചെറിയ അടങ്കലുള്ള പ്രോജക്ടുകൾ ഒഴിവാക്കി കൂടുതൽ അടങ്കലുള്ളതും ശരിയായ വികസനം അടിസ്ഥാനപ്പെടുത്തിയും മെച്ചപ്പെട്ട രീതിയിൽ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

വർഷാരംഭത്തിൽ ഉണ്ടായിരുന്ന 7038 തൊഴിൽ കാർഡുകളിൽ 56 എണ്ണം തൻവർഷം റദ്ദ് ചെയ്യുകയും പുതുതായി 247 എണ്ണം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വർഷാവസാനം ഉണ്ടായിരുന്ന ആകെ തൊഴിൽ കാർഡുകളുടെ എണ്ണം 7229 ആണ്. ഓഡിറ്റ് വർഷം സൃഷ്ടിക്കപ്പെട്ടിട്ടുള്ള ആകെ തൊഴിൽ ദിനങ്ങൾ 285206 ആണ്.

പദ്ധതിയുടെ വരവ് ചെലവ് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 161510 | 2420390 | 2581900 | 2574850 | 7050 |
| തൊഴിൽ കൂലി | 0 | 89285000 | 89285000 | 89285000 | 0 |
| നിർമ്മാണ സാമഗ്രികളുടെ വില | | 22894000 | 22894000 | 22894000 | - |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| തൊഴിൽരഹിത വേതനം | 3 | 2160 |
| കർഷകതൊഴിലാളി പെൻഷൻ | 526 | 8539800 |
| വിധവാപെൻഷൻ | 696 | 12958800 |
| വാർദ്ധക്യകാലപെൻഷൻ | 2227 | 41769800 |
| വികലാംഗപെൻഷൻ | 393 | 5674000 |
| അവിവാഹിതർക്കുള്ള പെൻഷൻ | 48 | 600000 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.12.2022ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹5,541/- (അയ്യായിരത്തി അഞ്ഞൂറ്റി നാൽപത്തി ഒന്ന് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

1. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനംനടത്തിയിട്ടുണ്ട്.

2. പൊതുമരാമത്ത് പ്രവൃത്തികൾ വഴി പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ഗ്രാമപഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ ഉൾപ്പെടെ ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വിവിധ സ്വകാര്യ ലൈബ്രറികൾ ഉൾപ്പെടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ കൃത്യമായ രേഖകൾ പഞ്ചായത്തിൽ നിലവിൽ സൂക്ഷിച്ചിട്ടില്ല.

3. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല.

4. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്കുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല.

5. ഗ്രാമസഭ വഴി തെരഞ്ഞെടുക്കാത്ത വ്യക്തികൾക്ക് വരെ സബ്സിഡി ധനസഹായം നൽകിയിരിക്കുന്നു.

6. വാങ്ങൽ പ്രക്രിയകളിൽ ആവശ്യമായ കരുതലുകൾ സ്വീകരിക്കുന്നില്ല. വാങ്ങൽ പ്രക്രിയകളിൽ വ്യാപകമായ പുറം ക്രമീകരണങ്ങൾ നടക്കുന്നു. ടെണ്ടർ വഴി നടപ്പാക്കുന്ന വാങ്ങലുകളിൽ പോലും സുതാര്യത ഉറപ്പാക്കാനാവുന്നില്ല.

1-9 വാർഷിക ധനകാര്യ പത്രിക സംബന്ധിച്ച അപാകതകൾ

1. ബാലൻസ് ഷീറ്റ് ബി2 ഷെഡ്യൂൾ പ്രകാരം പഞ്ചായത്ത് ദുരിതാശ്വാസ നിധി ബാലൻസ് ₹5,712/- യാണ്. എന്നാൽ RP 40(b) പ്രകാരം ദുരിതാശ്വാസ നിധി ബാലൻസ് ₹280/-യാണ്. ഈ അക്കൗണ്ടിന് റിക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2. 2020-21 സാമ്പത്തിക വർഷം വിവിധ ആസ്തികൾക്ക് ഡിപ്രീസിയേഷൻ ഇനത്തിൽ ₹25,95,721/- ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ [ഐ-17(എ)] ഉൾപ്പെടുത്തിയിട്ടുണ്ട്. ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ജി.ഒ.(എം. എസ്.)82/2011/തീ. 28.03.2011, ജി.ഒ.(എം.എസ്.)നം.152/ത.സ്വ.ഭ.വ., തീ. 26.07.2011 എന്നിവയിൽ അനുശാസിക്കും പ്രകാരം കണക്കാക്കിയിട്ടുള്ളതാണോ എന്ന് വ്യക്തമല്ല.

3. പ്രതിമാസ റിക്കൺസിലിയേഷൻ സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4. ഡി.സി.ബി രജിസ്റ്ററുകളിലെ തുകകളും വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5. 2022 മാർച്ച് 31-ന് ഇ-പേയ്മെന്റ് ആയി ₹19,881/- വരവുണ്ട്. എന്നാൽ ഈ തുക 2021-22 വർഷത്തെ വാർഷിക കണക്കിൽ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.

6. 2021-22 വർഷത്തിൽ ജില്ലാപഞ്ചായത്തിൽ നിന്നും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന് പദ്ധതിയിൽ ഉൾപ്പെടുത്തി ₹2,50,000/- വിവിധ ഗുണഭോക്താക്കൾക്ക് ജില്ലാപഞ്ചായത്ത് നേരിട്ട് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക വാർഷിക കണക്കിലോ സുലേഖ സ്റ്റേറ്റ്മെന്റിലോ ഉൾപ്പെടുത്തിയിട്ടില്ല.

7. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കമ്പിളികണ്ടത്തെ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ കെ.എസ്.ഇ.ബി-ക്ക് 2007 മുതൽ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ ₹34,12,794/- വാടകയായി ലഭിക്കാനുണ്ട്. എന്നാൽ ഈ തുക വാർഷിക കണക്കിൽ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.

1-9-1 ഓൺലൈൻ മുഖേന ഒടുക്കുന്ന തുകകൾ അക്കൗണ്ടിൽ സമയബന്ധിതമായി എത്തുന്നില്ല

ഓൺലൈൻ ആയി ഒടുക്കുന്ന വസ്തു നികുതിയുമായി ബന്ധപ്പെട്ട തുകകൾ സഞ്ചയ സോഫ്റ്റ് വെയറിൽ പോസ്റ്റ് ചെയ്യപ്പെടുന്നുണ്ടെങ്കിലും പണം ഗ്രാമപഞ്ചായത്തിന്റെ എസ്.ബി.ഐ., പാറത്തോട് ശാഖയിലെ കറന്റ് അക്കൗണ്ടിലേക്ക് നേരിട്ട് വരുന്നതിന് പകരം ഐ.കെ.എം.-ന്റെ പേയ്മെന്റ് ഗേറ്റ് വേയിലേക്കാണ് പോകുന്നത്. എന്നാൽ ഈ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തുകകൾ എത്തുന്നതിൽ കാലതാമസം നേരിടുന്നു. ഇത് നികുതിദായകർ ഒടുക്കിയ തുക യഥാസമയം പഞ്ചായത്തിന്റെ കണക്കുകളിൽ എത്താതിരിക്കുന്നതിനും കാരണമാകുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തുക ₹ | തുക ഒടുക്കിയ തീയതി | തുക അക്കൗണ്ടിൽ വന്ന തീയതി |
|---|---|---|---|
| 1 | 243 | 24/1/22 | 9/2/22 |
| 2 | 1110 | 25/1/22 | 9/2/22 |
| 3 | 196 | 26/1/22 | 9/2/22 |
| 4 | 394 | 27/1/22 | 14/2/22 |
| 5 | 730 | 28/1/22 | 14/2/22 |

ഇ-പേയ്മെന്റ് മുഖേന ഓൺലൈൻ ആയി ഒടുക്കുന്ന തുകകൾ അക്കൗണ്ടിൽ കാലതാമസമില്ലാതെ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. വിവിധ വെബ്സൈറ്റുകൾ തമ്മിൽ സംയോജനമില്ലാത്തത് നിലവിലെ പരിശോധന ദുഷ്കരമാക്കുന്നതിന് പരിഹാരമായി ആവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നതിന് ഐ.കെ.എം. ആയി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10-1 വസ്തു നികുതി നിർണ്ണയത്തിൽ അപാകത

2021-22 സാമ്പത്തിക വർഷം ഒന്നാം അർദ്ധ വർഷം പ്രാബല്യത്തിൽ ശ്രീമതി രാജി രാമകൃഷ്ണന്റെ ഉടമസ്ഥതയിലുള്ള 11/561/എ നമ്പർ കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയ രേഖയായ ഫോം 6 പ്രകാരം റോഡിന്റെ തരം 1.5 മീറ്ററിൽ കൂടുതലുള്ള റോഡിൽ നിന്നുള്ള പ്രവേശന മാർഗ്ഗം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. കംപ്ലീഷൻ പ്ലാൻ പ്രകാരം പ്രവേശന മാർഗ്ഗം 12 മീറ്റർ വീതിയുള്ള പി.ഡബ്ല്യു.ഡി. റോഡിൽ നിന്നുമാണ്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധന വരുത്തേണ്ടതാണ്. പ്രവേശന മാർഗ്ഗമുള്ള റോഡിന്റെ തരം തെറ്റായി നിശ്ചയിച്ചതിനാൽ വസ്തുനികുതി നിർണ്ണയത്തിൽ ചുവടെ ചേർക്കും വിധം കുറവ് വന്നിട്ടുണ്ട്.

| | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കേണ്ട വസ്തു നികുതി |
|---|---|---|
| കെട്ടിടത്തിന്റെ വിസ്തീർണം | 291.75 | 291.75 |
| അടിസ്ഥാന നികുതി നിരക്ക് | 6 | 6 |
| അടിസ്ഥാന വസ്തു നികുതി | 1750.5 | 1750.5 |
| ഇളവ് | 175.05 (മേഖല 10%) | 175.05(മേഖല 10%) |
| വർദ്ധന | 262.75 | 612.675 |

| | | |
|---|---|---|
| | (തറയുടെ തരം 15%) | (തറയുടെ തരം 15%+റോഡിന്റെ തരം 20%) |
| വസ്തു നികുതി+ലൈബ്രറി സെസ് | 1839+92 | 2189+110 |
| കുറവ് | 350+18 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 18/തീ. 23/12/2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി നിർണ്ണയിച്ചതിൽ വന്ന കുറവ്, നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-10-2 വസ്തു നികുതി നിർണ്ണയത്തിൽ അപാകത

2021-22 സാമ്പത്തിക വർഷം ഒന്നാം അർദ്ധ വർഷം പ്രാബല്യത്തിൽ ശ്രീ. സാബു ജോസഫിന്റെ ഉടമസ്ഥതയിലുള്ള 2/264/സി നമ്പർ കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയ രേഖയായ ഫോം 6 പ്രകാരം റോഡിന്റെ തരം 1.5 മീറ്ററിൽ കൂടുതലുള്ള റോഡിൽ നിന്നുള്ള പ്രവേശന മാർഗ്ഗം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. കംപ്ലീഷൻ പ്ലാൻ പ്രകാരം പ്രവേശന മാർഗ്ഗം 12 മീറ്റർ വീതിയുള്ള പി.ഡബ്ല്യൂ.ഡി. റോഡിൽ നിന്നുമാണ്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടത്തിന്റ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധന വരുത്തേണ്ടതാണ്. പ്രവേശന മാർഗ്ഗമുള്ള റോഡിന്റെ തരം തെറ്റായി നിശ്ചയിച്ചതിനാൽ വസ്തുനികുതി നിർണ്ണയത്തിൽ ചുവടെ ചേർക്കും വിധം കുറവ് വന്നിട്ടുണ്ട്.

| | നിർണയിച്ച വസ്തു നികുതി | നിർണയിക്കേണ്ട വസ്തു നികുതി |
|---|---|---|
| കെട്ടിടത്തിന്റെ വിസ്തീർണം | 254.49 | 254.49 |
| അടിസ്ഥാന നികുതി നിരക്ക് | 6 | 6 |
| അടിസ്ഥാന വസ്തു നികുതി | 1526.94 | 1526.94 |
| ഇളവ് | 152.694<br>(മേഖല 10%) | 152.694<br>(മേഖല 10%) |
| വർദ്ധന | 229.041<br>(തറയുടെ തരം 15%) | 534.429<br>(തറയുടെ തരം 15%+റോഡിന്റെ തരം 20%) |
| വസ്തു നികുതി+ലൈബ്രറി സെസ് | 1604+81 | 1909+96 |
| കുറവ് | 305+15 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം. 12/തീ. 22/12/2022)യായി നികുതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. വസ്തു നികുതി നിർണ്ണയിച്ചതിൽ വന്ന കുറവ് നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-11 തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2021-22 വർഷം തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1. | സബ് പോസ്റ്റ് ഓഫീസ്, പൊൻമുടി | 2 |
| 2. | ആപ്കോസ്, വിമലാസിറ്റി | 2 |
| 3. | ആപ്കോസ്, പന്നിയാർകുട്ടി | 2 |
| 4 | റ്റോഡി ഷോപ്പ് നം. 10, ചിന്നാർ | 2 |
| 5 | റ്റോഡി ഷോപ്പ് നം. 11, കമ്പിളികണ്ടം | 2 |
| 6 | റ്റോഡി ഷോപ്പ് നം. 13, പനംകുട്ടി | 2 |

| | | |
|---|---|---|
| 7 | റ്റോഡി ഷോപ്പ് നം. 30, മങ്കുവ | 2 |
| 8 | റ്റോഡി ഷോപ്പ് നം 14,മുക്കടം | 2 |
| 9 | റ്റോഡി ഷോപ്പ് നം. 15, കല്ലാർകുട്ടി | 2 |
| 10 | റ്റോഡി ഷോപ്പ് നം. 16, കൊന്നത്തടി | 2 |
| 11 | റ്റോഡി ഷോപ്പ് നം. 17, തൊമ്മൻസിറ്റി | 2 |
| 12 | റ്റോഡി ഷോപ്പ് നം. 18, വിമലാസിറ്റി | 2 |
| 13 | റ്റോഡി ഷോപ്പ് നം. 19, പാറത്തോട് | 2 |
| 14 | റ്റോഡി ഷോപ്പ് നം. 20, പണിക്കൻകുടി | 2 |
| 15 | റ്റോഡി ഷോപ്പ് നം. 21, പെരിഞ്ചാംകുട്ടി | 2 |
| 16 | റ്റോഡി ഷോപ്പ് നം. 22, മുനിയറ | 2 |
| 17 | റ്റോഡി ഷോപ്പ് നം. 33, കൊമ്പൊടിഞ്ഞാൽ | 2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 4/തീ. 22.12.2022)ക്ക് മേൽ സൂചിപ്പിച്ച എല്ലാ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ക്രമപ്പെടുത്തൽ ഫീസ് ഈടാക്കിയിട്ടില്ല

2021-22 വർഷത്തിൽ നികുതി നിർണ്ണയിച്ചിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റിൽ നിന്ന് അധികരിച്ച് നിർമ്മിച്ച് വിസ്തീർണ്ണത്തിന് താഴെ കൊടുത്തിരിക്കും പ്രകാരം ക്രമപ്പെടുത്തൽ ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നം. | വിനിയോഗ ക്രമം | അപ്പ്രൂവ്ഡ് പ്ലാനിലുള്ള വിസ്തീർണ്ണം | കംപ്ലീഷൻ പ്ലാനിലുള്ള വിസ്തീർണ്ണം | അധികരിച്ച് നിർമിച്ച വിസ്തീർണ്ണം | ബാധകമായ ക്രമപ്പെടുത്തൽ ഫീസ് |
|---|---|---|---|---|---|---|---|---|
| 1 | 4/167/എ | രാജേഷ് പി.ബി | റെഗുലറൈസേഷൻ (പെർമിറ്റ് എടുത്തിട്ടില്ല) | റെസിഡൻഷ്യൽ | ബാധകമല്ല | 140.3 | (പെർമിറ്റ് എടുത്തിട്ടില്ല) | 1965 (140.3*7*2) (₹982/- ഈടാക്കിയിട്ടുണ്ട്. ₹983/- ഈടാക്കുവാൻ അവശേഷിക്കുന്നു) |
| 2 | 5/49/എ | ഷിബു | എ7/3502/20 തീ.27/08/20 | റെസിഡൻഷ്യൽ | 158.11 | 173.93 | 15.82 | 222 (15.82*7*2) |
| 3 | 12/103/എ | ബിന്ദു മൈക്കിൾ | എ7/7092/19 തീ. 21/03/20 | റെസിഡൻഷ്യൽ | 147.32 | 177.20 | 29.88 | 419 (29.88*7*2) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/തീ. 22.12.2022) ബന്ധപ്പെട്ട കെട്ടിട ഉടമകളിൽ നിന്ന് ക്രമപ്പെടുത്തൽ ഫീസ് ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്രമപ്പെടുത്തിൽ ഫീസ് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഓൺലൈൻ പരസ്യം നൽകി പ്രവർത്തിച്ച് വരുന്ന ചുവടെ ചേർത്തിട്ടുള്ളതും പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നതുമായ ഹോം സ്റ്റേ/റിസോർട്ടുകൾ 2021-22 വർഷം ലൈസൻസ് എടുത്തിട്ടില്ല എന്ന് കണ്ടു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ വിശദാംശങ്ങൾ |
|---|---|
| 1 | എമിൽസ് ഫ്രൂട്ട് ഗാർഡൻ &ഹോം സ്റ്റേ, പാറത്തോട് |
| 2 | ആൻസ് ഫാം സ്റ്റേ, സെന്റ് ജെയിംസ് ചർച്ച്, കൊന്നത്തടി |
| 3 | നാച്വർ സ്റ്റേയ്സ്, തെള്ളിപ്പറമ്പിൽ, മരക്കാനം, കൊന്നത്തടി |

| | |
|---|---|
| 4 | മിസ്റ്റി ഹോഗൺസ്, അഗ്രി ഹിൽസ്, കമ്പിളികണ്ടം |
| 5 | ദി ഹൈഡ് ഔട്ട്, കണ്ണാടിപ്പാറ, കമ്പിളികണ്ടം |
| 6 | ഡ്രീം നെസ്റ്റ് ഹോം സ്റ്റേ, മുതിരപ്പുഴ |

ലൈസൻസ് എടുത്തതിന്റെ രേഖകളും പ്രസ്തുത കെട്ടിടങ്ങളുടെ കെട്ടിട നമ്പർ, നികുതി നിർണ്ണയ രേഖകൾ (ഫോം6) എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/തീ. 22.12.2022) പ്രസ്തുത സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ സ്ഥല പരിശോധന നടത്തി പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കി ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. അനധികൃത കെട്ടിടങ്ങളാണെങ്കിൽ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235എ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു

എ) വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കെ.എസ്.ഇ.ബി.-ക്ക് വാടകയ്ക്ക് നൽകിയിട്ടുള്ള താഴെ കൊടുത്തിട്ടുള്ള മുറികളുടെ വാടക 2021-22ൽ ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നമ്പർ | തുക ₹ | തുക ഈടാക്കേണ്ട കാലയളവ് |
|---|---|---|---|
| 1 | 11/772 | 2445 | 4/2021 മുതൽ 3/2022 വരെ |
| 2 | 11/773 | 2445 | 4/2021 മുതൽ 3/2022 വരെ |
| 3 | 11/742 | 2445 | 4/2021 മുതൽ 3/2022 വരെ |
| 4 | 11/743 | 2445 | 4/2021 മുതൽ 3/2022 വരെ |
| 5 | 11/744 | 2445 | 4/2021 മുതൽ 3/2022 വരെ |
| 6 | 11/761 | 2445 | 4/2021 മുതൽ 3/2022 വരെ |

ബി) മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ 2007 മുതൽ 2021-22 വരെയുള്ള ആകെ വാടക കുടിശ്ശികയായ ₹35,12,231/- ഈടാക്കിയിട്ടില്ല. പ്രസ്തുത കുടിശ്ശിക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

സി) വാർഷിക ധനകാര്യ പത്രിക പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോപ്ലക്സിലെ മുറികളുടെ വാടകയിനത്തിൽ മുൻ വർഷ കുടിശ്ശികയായി ₹1,36,581/- ഈടാക്കാൻ അവശേഷിക്കുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.6/തീ. 22.12.2022)ക്ക് മറുപടിയായി ഓഡിറ്റിലെ കണ്ടെത്തലുകൾ ശരിയാണ് എന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകത പരിഹരിച്ചും കുടിശ്ശിക ഈടാക്കിയും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ക്ഷാമബത്ത കുടിശ്ശിക - എൻ.പി.എസ്. വിഹിതം അടവാക്കിയില്ല

| | |
|---|---|
| വൗച്ചർ നം. | 2100068, Dt. 29-04-2021 |
| ചെലവ് | ₹806489/- |
| ഇനം | ക്ഷാമബത്ത കുടിശ്ശിക - എൻ.പി.എസ്. വിഹിതം |

വൗച്ചർ നം. 2100068, Dt. 29-04-2021 പ്രകാരം കൊന്നത്തടി ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക ടിയാളുകളുടെ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചിട്ടുണ്ട്. എന്നാൽ പുതിയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട താഴെ ചേർത്ത

ജീവനക്കാരുടെ എൻ.പി.എസ്. വിഹിതം പ്രൊവിഡന്റ് ഫണ്ടിൽ അടവ് വരുത്തിയതിൽ നിന്ന് കുറവ് വരുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകയും സ്ഥാപന വിഹിതവും നാളിതുവരെ എൻ.പി.എസ്.-ലേക്ക് അടവാക്കിയിട്ടില്ല.

| ക്രമ നം. | ജീവനക്കാരന്റെ പേര്, തസ്തിക | തുക ₹ |
|---|---|---|
| 1 | സീനത്ത് എസ്., ക്ലാർക്ക് | 6029 |
| 2 | ദിൽജിത്ത് കെ. എ. | 5400 |
| 3 | ശ്യാം എസ്., ക്ലർക്ക് | 353 |
| 4 | സിനിമോൾ വർഗീസ്, ഒ. എ. | 4897 |
| 5 | ജയരാജ് കെ. എം., എഫ്.ടി.എസ്. | 4742 |
| 6 | സുജാത എൻ. ആർ., എഫ്.ടി.എസ്. | 3845 |
| 7 | ബേബി എൻ. സി., ഡ്രൈവർ | 1300 |
| 8 | ചിത്തിര പി., ക്ലാർക്ക് | 4442 |
| | ആകെ | 31008 |

തുക അടവാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

1-16 എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ഒരേ വിദ്യാർത്ഥിക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സ്കോളർഷിപ്പ് അനുവദിച്ചിരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | 22/22 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| ബിൽ നം. | 2110125201340061456/തീ. 06.11.2021, ₹120000/- (വികസന ഫണ്ട് എസ്.സി.പി). |

മേൽ ബില്ല് പ്രകാരം 6 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയിരിക്കുന്നു. ആയതിൽ കുമാരി കൃഷ്ണപ്രിയ സജി എന്ന വിദ്യാർത്ഥിക്ക് അക്കൗണ്ട് നം.xxxx8956ലേക്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് ₹20,000/- നൽകിയിട്ടുണ്ട്. ടി വിവരം അടിമാലി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറെ അറിയിച്ചിരുന്നതും സ്കോളർഷിപ്പ് നൽകുന്നതിന് അനുവാദം ലഭിച്ചിരുന്നതുമാണ്. എന്നാൽ ഇതേ വിദ്യാർത്ഥിക്ക് തന്നെ ഇതേ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും തുക അനുവദിച്ചതിന് ശേഷം അടിമാലി ബ്ലോക്ക്പഞ്ചായത്ത് ₹20,000/- സ്കോളർഷിപ്പ് ഇനത്തിൽ വിദ്യാർത്ഥിക്ക് അനുവദിച്ചിട്ടുള്ളതായി സാംഖ്യ പരിശോധനയിൽ കണ്ടെത്തി. അധികം നൽകിയ സ്കോളർഷിപ്പ് തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിൽ അറിയിക്കേണ്ടതാണ്.

1-17 പഠനമുറി നിർമ്മാണം - അധിക തുക നൽകിയിരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | 220/22 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| ബിൽ നം. | 21101252013401429192/23.03.2022 ₹83652/-<br>21101252013401103640/11.02.2022 ₹50000/-<br>21101252013401401429/23.02.2022 ₹51500/- |

മേൽ ബില്ല് പ്രകാരമുള്ള പഠനമുറി നിർമ്മാണത്തിനായി അലൻ ജോയ്, പനയ്ക്കൽ എന്ന വിദ്യാർത്ഥിക്ക് ആകെ ₹1,85,152/- നൽകിയിരിക്കുന്നു. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് നമ്പർ 123/2020-21പ്രകാരം ആകെ വാല്യവേഷൻ തുക ₹1,65,000/- മാത്രമാണ്. അധികം തുക നൽകിയതിന് കാരണം

വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 10/22.12.2022ന് ലഭ്യമാക്കിയ മറുപടിയിൽ പഠനമുറി പൂർത്തിയാക്കി വിവരം റിപ്പോർട്ട് ചെയ്ത് കൊള്ളാം എന്ന് അറിയിച്ചിരിക്കുന്നു.. അധികം നൽകിയ ₹20,152/- തിരികെ ഈടാക്കുകയോ നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കയോ ചെയ്യേണ്ടതാണ്. ₹20,152/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ അപാകതകൾ.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പദ്ധതി നം. | 282/21, 93/22 |
| അടങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ₹500,000/- |
| ബിൽ നം. | 201012520128014 1187/31.03.2021 ₹321165/-<br>21101252012801149736/18.02.2022 ₹100000/- |

സോളാർ പാനലും ലൈറ്റും സ്ഥാപിക്കാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കുന്നത് സംബന്ധിച്ച് 2020-21 വർഷ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-18ൽ പരാമർശിച്ചിരിക്കുന്നതും അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തടസ്സപ്പെടുത്തിയിരുന്നതുമാണ്.

സോളാർ പാനലും ലൈറ്റും സ്ഥാപിക്കുന്നതിന് ടെണ്ടർ നടപടികളിലൂടെ ട്രാൻസ്റ്റോം ഇലക്ട്രിക്സ്, എറണാകുളം എന്ന സ്ഥാപനത്തെ ആണ് ചുമതലപ്പെടുത്തിയിരുന്നത്. ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ എന്ന പദ്ധതിയുടെ നിർവ്വഹണത്തിനായി 03.02.2021ൽ ഇ-ടെണ്ടർ ക്ഷണിക്കുകയും ലഭിച്ച ടെണ്ടറിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത ട്രാൻസ്റ്റോം ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പഞ്ചായത്ത് കമ്മിറ്റി 06.02.2021ലെ 1/2 തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. ഇതേ തുടർന്ന് കൊന്നത്തടി ഗ്രാപഞ്ചായത്ത് സെക്രട്ടറിയുടെ 06.02.2021ലെ എ4/20 നമ്പർ കത്ത് മുഖേന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നല്കുകയും മേൽ കത്ത് ലഭിച്ച് 7 ദിവസത്തിനകം സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ട് ടെണ്ടറിൽ പറഞ്ഞിരിക്കുന്ന സാധന സാഗ്രികൾ 3 ദിവസത്തിനകം പഞ്ചായത്ത് നിർദ്ദേശിക്കുന്ന സ്ഥലത്ത് എത്തിച്ച് സ്ഥാപിക്കണമെന്നും സമയ പരിധി കർശനമായി പാലിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൻ പ്രകാരം സ്ഥാപനവുമായി പഞ്ചായത്ത് 10.02.2021ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. സാധന സാമഗ്രികൾ 27.03.2021-ന് പഞ്ചായത്തിൽ എത്തിച്ചു. 31.03.2021ൽ ₹3,21,165/- പിൻവലിച്ച് ട്രാൻസ്റ്റോം ഇലക്ട്രിക്സ് എറണാകുളം എന്ന സ്ഥാപനത്തിന്റെ ബാങ്ക് ഓഫ് ബറോഡയുടെ എറണാകുളം ശാഖയിലെ അക്കൗണ്ട് നം. 7480020000003-ലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 10.02.2021-ലെ കരാറിലെ വ്യവസ്ഥ (14) പ്രകാരം ഉപകരണങ്ങൾ സപ്ലൈ ചെയ്യുക എന്നാൽ പഞ്ചായത്ത് ആവശ്യപ്പെടുന്ന സ്ഥലത്ത് നിശ്ചിത സമയപരിധിക്കുള്ളിൽ ഉപകരണങ്ങൾ സ്ഥാപിച്ച് നല്കുകയും ആയതിന്റെ പ്രവർത്തന ക്ഷമത ഉറപ്പ് വരുത്തുകയും ചെയ്യുക കൂടി ഉൾപ്പെട്ടതാണ്. എന്നാൽ പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് നിർദ്ദേശിച്ച പത്ത് സ്ഥലങ്ങളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടിയുടെ ഭാഗമായി സോളാർ പാനൽ സ്ഥാപിക്കുന്നതിന് ജൂൺ മാസത്തിൽ കുഴികൾ എടുത്തിട്ടുള്ളതല്ലാതെ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. കരാറിൽ ഏർപ്പെട്ടിട്ട് ആറ് മാസം കഴിഞ്ഞിട്ടും പദ്ധതി നടപ്പാക്കാതെ എൽ.ഇ.ഡി. (40w 6400 Lumines) 9 എണ്ണം, സോളാർ പാനൽ 9 എണ്ണം, ബാറ്ററി 12 V/75AH LIEFO4 എന്നിവ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. ഉപകരണങ്ങൾ സപ്ലൈ ചെയ്ത് മൂന്ന് വർഷ കാലയളവിലേയ്ക്കാണ് ഉപകരണങ്ങൾക്ക് വാറന്റി എന്നതിനാൽ ഉപകരണങ്ങൾ സ്ഥാപിക്കുവാൻ ഓരോ ദിവസം താമസിക്കുമ്പോഴും വാറന്റി കാലയളവ് കഴിഞ്ഞുപോകുകയും ചെയ്യും. കരാർ വ്യവസ്ഥകൾ ലംഘിച്ച ട്രാൻസ്റ്റോം ഇലക്ട്രിക്സ്,

എറണാകുളം എന്ന സ്ഥാപനത്തിനെതിരെ പഞ്ചായത്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. പ്രസ്തുത സ്ഥാപനം ലൈറ്റുകൾ സ്ഥാപിക്കാത്തതിനാൽ സെമിക്രോൺ എഞ്ചിനീയറിംഗ് ആന്റ് മാർക്കറ്റിംഗ് എന്ന സ്ഥാപനം മുഖേന ലൈറ്റുകൾ സ്ഥാപിച്ചിരിക്കുന്നു. ഇതിനായി ₹1,00,000/-ചെലവഴിച്ചിരിക്കുന്നു.

2. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.06.2017ലെ ഡി.എ-1/244/2017/തസ്വഭവ. സർക്കുലറിലെ ഖണ്ഡിക 7.1-ൽ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പ്രകാരം അനെർട്ട് എം. പാനൽ ചെയ്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ നടപടികളിലൂടെയാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനം നിർവ്വഹണം നടത്താനുള്ള സ്ഥാപനത്തെ കണ്ടെത്തേണ്ടത്. മാത്രമല്ല സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുക എന്നത് സർക്കുലർ പ്രകാരം അനെർട്ടിന്റെ ചുമതല ആണ് എന്നിരിക്കെ ഇതിന് വിരുദ്ധമായി ഇ-ടെണ്ടർ മുഖേന പദ്ധതി നിർവ്വഹണത്തിന് ചുമതലപ്പെടുത്തിയിരിക്കുന്നത് ക്രമപ്രകാരമുള്ളതല്ല. മാത്രമല്ല, ലഭിച്ചിരിക്കുന്ന ഉപകരണങ്ങളുടെ ഗുണനിലവാരം അനെർട്ട് ഉദ്യോഗസ്ഥരെ കൊണ്ട് പരിശോധിപ്പിച്ചിട്ടുമില്ല.

3. പദ്ധതി പ്രകാരം 40w എൽ.ഇ.ഡി. സോളാർ സ്ട്രീറ്റ് ലൈറ്റ്, 25 വർഷം വാറണ്ടിയുള്ള സോളാർ പാനൽ, 8 വർഷ വാറണ്ടിയുള്ള ബാറ്ററി, 6 മീറ്റർ നീളവും, 3 ഇഞ്ച് ഡയമീറ്ററുമുള്ള പോൾ എന്നിവ ഉൾപ്പെടുന്ന ഒരു സെറ്റ് സോളാർ സ്ട്രീറ്റ് ലൈറ്റ് വിതരണം നടത്തി സ്ഥാപിച്ച് നൽകുന്നതിനായി ₹54,000/- ആണ് സ്ഥാപനത്തിന് നൽകേണ്ടത്. എന്നാൽ ഇൻവോയ്സ് നം. MN-2021 S1 692/26.03.2022 പ്രകാരം 9 സെറ്റ് സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള ഉപകരണങ്ങൾ വിതരണം നടത്തിയതിന് ഉപകരണങ്ങളുടെ വില പൂർണ്ണമായും (₹3,21,165/-) സ്ഥാപനത്തിന് നൽകിയിരിക്കുന്നു.

4. അനെർട്ടിന്റെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള സ്ട്രീറ്റ് ലൈറ്റ് അല്ല വിതരണം നടത്തിയിരിക്കുന്നത്. അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 17/23.12.2022ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ തൻവർഷത്തെ ₹100000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മേൽ സർക്കുലർ പ്രകാരം സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതിയുടെ മേൽനോട്ടം നടത്തേണ്ടത് അനെർട്ട് ആണ്. ആയതിനാൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് അനെർട്ട് ജില്ലാ ഓഫീസറെ കൊണ്ട് മേൽ പരിശോധന നടത്തി ആയതിന്റെ റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1-19-1 അഗ്രോ സർവ്വീസ് സെന്ററിലെ ട്രാക്ടറിന് ഗേയ്ജ് വീൽ വാങ്ങൽ

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പദ്ധതി നം. | 47/2022 |
| പദ്ധതിയുടെ പേര് | ഗെയ്ജ് വീൽ വാങ്ങൽ |
| ബിൽ നം. | 2110125201390147371 7/26-3-2022 |
| അടങ്കൽ/ചെലവ് | ₹50000/-, ₹50000/- |

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ കമ്പിളികണ്ടത്തുള്ള അഗ്രോ സർവ്വീസ് സെന്ററിന് മേൽ പദ്ധതി പ്രകാരം റെയ്ഡ്കോയിൽ നിന്നും ₹50,000/-ക്ക് ഗെയ്ജ് വീൽ (നിലം ഉഴുതുന്നതിന് സഹായിക്കുന്ന ഉപകരണം) വാങ്ങി നൽകിയിട്ടുണ്ട്. അഗ്രോ സർവ്വീസ് സെന്ററിൽ നേരിട്ട് പരിശോധന നടത്തിയതിൽ 2015ൽ വാങ്ങിയ ട്രാക്ടർ നാളിതുവരെ ഉപയോഗിച്ചിട്ടില്ലാത്തതാണെന്ന് വ്യക്തമായി. ട്രാക്ടർ പ്രവർത്തന ക്ഷമമല്ലാത്തതിനാൽ പദ്ധതി പ്രകാരം വാങ്ങിയ ഗെയ്ജ് വീലും നാളിതുവരെ ഉപയോഗിക്കുന്നതിന് സാധിച്ചിട്ടില്ല. പ്രവർത്തന ക്ഷമമല്ലാത്ത ട്രാക്ടറിന് ഗെയ്ജ് വീൽ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/തീയതി. 21-12-2022) നൽകിയ മറുപടിയിൽ ട്രാക്ടർ പ്രവർത്തനക്ഷമം ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന്

വ്യക്തമാക്കിയിട്ടുണ്ട്. ട്രാക്ടറിന്റെ ലോഗ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ട്രാക്ടർ പ്രവർത്തനക്ഷമമാക്കുംവരെയ്ക്കും ഈ ഇനത്തിൽ ചെലവഴിച്ച ₹50,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19-2 വനിതാ സ്വയം തൊഴിൽ സംരംഭം (കാർഷിക നേഴ്സറി) - അപാകതകൾ

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പദ്ധതി നം. | 222/2022 |
| പദ്ധതിയുടെ പേര് | വനിത സ്വയം തൊഴിൽ സംരംഭം (കാർഷിക നേഴ്സറി) |
| ബിൽ നം. | 2110252013901454682/25-03-2022 |
| അടങ്കൽ/ചെലവ് | ₹210000/-, ₹210000/- |

മേൽ പദ്ധതി പ്രാകരം ₹2,10,000/- 7 ഗുണഭോക്താക്കൾക്കായി (ഒരാൾക്ക് ₹30,000/- വീതം) നൽകിയിട്ടുണ്ട്. പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1) പണം നൽകിയതിന് ശേഷമാണ് ഗുണഭോക്താക്കളെ പഞ്ചായത്ത് കമ്മിറ്റിയുടെ 23.04.2022ലെ 1(32) തീരുമാനപ്രകാരം തിരഞ്ഞെടുത്തിരിക്കുന്നത്.

2) ഗ്രാമസഭയിൽ ഇത്തരത്തിൽ ഒരു പദ്ധതി അവതരിപ്പിക്കുകയോ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയോ ചെയ്തിട്ടില്ല.

3) മേൽ പദ്ധതി പ്രകാരം തുക അനുവദിച്ചതിന്റെ മാനദണ്ഡം ഏതാണെന്ന് വ്യക്തമല്ല.

4) പദ്ധതി മാർഗ്ഗരേഖയിൽ ഇത്തരം പദ്ധതികളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ പദ്ധതിക്ക് ജില്ലാതലത്തിൽ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

5) സംഘങ്ങൾക്ക് നേഴ്സറി തുടങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നതെങ്കിലും വ്യക്തികൾക്കാണ് പണം നൽകിയിരിക്കുന്നത്.

6) ധനസഹായം അനുവദിച്ച 7 ഗുണഭോക്താക്കളിൽ ശ്രീ ജെസ്സി എം. യു., കൊന്നത്തടി ഗ്രാമപഞ്ചായത്ത് 19-ാം വാർഡ് മെമ്പർ ആണ്.

7) പദ്ധതി നേരിട്ട് പരിശോധിച്ചതിൽ നാച്ചുറൽ അഗ്രികൾച്ചർ നേഴ്സറി, കൊന്നത്തടി എന്ന സ്വയം സഹായ സംഘമാണ് നേഴ്സറി നടത്തുന്നത്. എന്നാൽ വ്യക്തികൾക്ക് അനുവദിച്ച ധനസഹായ തുക (₹2,10,000/-) സംഘത്തിന്റെ കണക്കിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ ഈ വിവരങ്ങൾ സംഘത്തിന്റെ മിനിട്ട്സിലും ഉൾപ്പെട്ടിട്ടില്ല. പദ്ധതി നടപ്പാക്കിയ വേളയിൽ സംഘത്തിന് ബാങ്ക് അക്കൗണ്ട് ഇല്ലാതിരുന്നതിനാലാണ് വ്യക്തികൾക്ക് ധനസഹായം അനുവദിച്ചതെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 3/തീയതി. 21-12-2022) മറുപടിയിൽ വ്യക്തമാക്കി. എന്നാൽ സംഘത്തിന്റെ രേഖകൾ പരിശോധിച്ചതിൽ നാളിതുവരെയും സംഘത്തിന് ബാങ്ക് അക്കൗണ്ട് ഇല്ലായെന്നും വ്യക്തികൾക്ക് നൽകിയ ധനസഹായം സംഘത്തിന്റെ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലായെന്നും വ്യക്തമായി.

മേൽ അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുംവരേയ്ക്കും പദ്ധതി പ്രകാരം അനുവദിച്ച, ₹2,10,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 അംഗനവാടികൾക്ക് ഫർണിച്ചർ വാങ്ങൽ - ആവശ്യത്തിലധികം കസേരകൾ വാങ്ങി

| | |
|---|---|
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പദ്ധതി നം. | 247/2022 |
| പദ്ധതിയുടെ പേര് | വിവിധ അംഗനവാടികൾക്ക് ഫർണിച്ചർ വാങ്ങൽ |
| ബിൽ നം. | 211250133201359631/30-03-2022 |

| | |
|---|---|
| അടങ്കൽ/ചെലവ് | ₹300000/-, ₹299550/- |

പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന ഫർണിച്ചറുകൾ വാങ്ങി വിവിധ അംഗനവാടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

1) മേശ – 8

2) ഫൈബർ കസേര – 148

3) സ്റ്റീൽ അലമാര – 8

4) ഫുഡ് കണ്ടെയ്നർ – 6

ആകെ വാങ്ങിയ 148 കസേരകളിൽ 100 എണ്ണം കൊന്നത്തടിയിലുള്ള 6-ാം നമ്പർ അംഗനവാടിക്ക് നൽകിയിട്ടുണ്ട്. 52 അംഗനവാടികളിൽ 6 എണ്ണത്തിനാണ് ബാക്കി 48 എണ്ണം നൽകിയിട്ടുള്ളത്. പഞ്ചായത്തിന് സമീപമുള്ള ഈ അംഗനവാടി നേരിട്ട് പരിശോധിച്ചതിൽ 30ൽ താഴെ കസേരകൾ ഇടുന്നതിനുള്ള സ്ഥലം മാത്രമാണുള്ളത്. ആവശ്യമുള്ളതിലധികം കസേരകൾ വാങ്ങിയത് എന്തിനെന്ന് വ്യക്തമല്ല. കേവലം വാങ്ങലുകൾ നടത്തി പദ്ധതി പണം ചെലവഴിക്കുന്നതിന് വേണ്ടിയാണ് ആവശ്യത്തിലധികം കസേരകൾ വാങ്ങിയതെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

ഘടക സ്ഥാപനങ്ങൾക്ക് ഭാവിയിൽ കസേരകൾ ആവശ്യമായി വരുന്ന പക്ഷം അധികമായി വാങ്ങിയ കസേരകൾ നൽകുന്നതാവും ഉചിതം എന്ന് അഭിപ്രായപ്പെടുന്നു. ഭാവിയിൽ യഥാർത്ഥത്തിലുള്ള ആവശ്യം വിലയിരുത്തിയതിന് ശേഷം മാത്രം വാങ്ങലുകൾ നടത്തേണ്ടതാണ്. 6-ാം നമ്പർ അംഗനവാടിയിലുള്ള കസേരകൾ ഏതൊക്കെ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തുവെന്ന് വിശദാംശങ്ങളും സ്റ്റോക്ക് രജിസ്റ്ററിന്റെ പകർപ്പും സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. അടുത്ത ഓഡിറ്റിൽ ഭൗതിക പരിശോധനയ്ക്കുള്ള സാഹചര്യം ക്രമീകരിക്കേണ്ടതുമാണ്.

1-21 പാലിയേറ്റീവ് കെയർ - പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| പ്രൊജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ (നം.31/22) |
| ചെലവ് | ₹804465/- |
| ബിൽ നം : | 1) 21101252008900206364, Dt. 15-07-2021 (₹88310/-)<br>2) 21101252008900300069, Dt. 12-08-2021 (₹93560/-)<br>3) 21101252008900558143, Dt. 25-10-2021 (₹92810/-)<br>4) 21101252008900812061, Dt. 18-12-2021 (₹47780/-)<br>5) 21101252008900812037, Dt. 18-12-2021 (₹47780/-)<br>6) 21101252008900999827, Dt. 24-01-2022 (₹267680/-)<br>7) 21101252008901167251 , Dt. 21-02-2022 (₹45780/-)<br>8) 21101252008901250259, Dt. 05-03-2022 (₹82041/-)<br>9) 21101252008901458242, Dt. 25-03-2022 (₹38724/-) |

അശരണരും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ രോഗികളുടെ പരിചരണത്തിനും അവർക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നതിനുമായുള്ള പാലിയേറ്റീവ് കെയർ പ്രൊജക്ടിനായി (നം.31/22) ₹8,04,465/- തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

മേൽ പ്രൊജക്ട് ഫയൽ പരിശോധന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

29-10-2015ലെ സ.ഉ.(സാധാ)നം. 3217/2015/ത.സ്വ.ഭ.വ. ഉത്തരവിലും ഇതിന് അനുബന്ധമായി 07-03-2019ൽ പുറപ്പെടുവിച്ച സ.ഉ.(സാധാ)നം. 553/2019/ത.സ്വ.ഭ.വ. ഉത്തരവുകളിലും പാലിയേറ്റീവ് കെയർ പദ്ധതിക്ക് വാഹനം ഉപയോഗിക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെയോ ആരോഗ്യ സ്ഥാപനത്തിന്റെയോ വാഹനങ്ങൾ ലഭ്യമാക്കുന്ന സംഗതിയിൽ വാഹനങ്ങളുടെ ഇന്ധന ചെലവ്, ഡ്രൈവറുടെ വേതനം തുടങ്ങിയവ ഉൾപ്പെടുത്തി ഒരു ദിവസം വാഹനം ഓടുന്നതിന് ചെലവാകുന്ന നിയമാനുസൃത തുക, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി കണക്കാക്കി ഈ തുക പാലിയേറ്റീവ് ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

വാഹന ഉപയോഗവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും എച്ച്.എം.സി. ഫണ്ടിൽ നിന്ന് വഹിക്കേണ്ടതും അങ്ങനെയുള്ള ചെലവ് എച്ച്.എം.സി. അംഗീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയും പ്രകാരമുള്ള ചെലവ് തുകകൾ പാലിയേറ്റീവ് കെയർ പ്രൊജക്ടിൽ നിന്നും എച്ച്.എം.സി. ഫണ്ടിലേക്ക് നൽകാവുന്നതാണ്.

എ) പാലിയേറ്റീവ് കെയർ ഗൃഹ സന്ദർശനത്തിനായി ഓടിയ ദിവസങ്ങളിൽ ഡ്രൈവർക്ക് സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള ദിവസ വേതനം (പ്രതിമാസ വേതനമോ, ശമ്പളമോ അനുവദനീയമല്ല).

ബി) പാലിയേറ്റീവ് ആവശ്യത്തിനായി ഓടിയ കിലോമീറ്ററിന്റെ ഇന്ധന ചെലവ്.

സി) പാലിയേറ്റീവ് കെയർ ആവശ്യത്തിന് വേണ്ടി ഓടിയ കിലോമീറ്റർ ദൂരത്തിന്റെ അനുപാതത്തിൽ മെയിന്റനൻസ് റിപ്പയർ ചെലവുകളുടെയും തുക.

പ്രൊജക്ടിന്റെ ഭാഗമായി വാഹന വാടക, ഡ്രൈവറുടെ വേതനം ഇനത്തിൽ ചുവടെ ചേർത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | ബിൽ നം. &തീയതി (തുക) | വാഹന വാടക ₹ | ഡ്രൈവറുടെ വേതനം ₹ |
|---|---|---|---|
| 1 | 21101252008900206364, Dt. 15-07-2021 (₹88310/-) | 24000 | 24000 |
| 2 | 21101252008900300069, Dt. 12-08-2021 (₹93560/-) | 24000 | 24000 |
| 3 | 21101252008900558143, Dt. 25-10-2021 (₹92810/-) | 24000 | 24000 |
| 4 | 21101252008900812037, Dt. 18-12-2021 (₹47780/-) | 12000 | 12000 |
| 5 | 21101252008900812061, Dt. 18-12-2021 (₹47780/-) | 12000 | 12000 |
| 6 | 21101252008900999827, Dt. 24-01-2022 (₹267680/-) | 12000 | 12000 |
| 7 | 21101252008901167251, Dt. 21-02-2022 (₹45780/-) | 12000 | 12000 |
| 8 | 21101252008901458242, Dt. 25-03-2022 (₹38724/-) | 12000 | 12000 |
| | ആകെ | 132000 | 132000 |

മേൽ ഉത്തരവ് പ്രകാരം ആരോഗ്യ സ്ഥാപനത്തിന്റെ വാഹനം ഉപയോഗിക്കുന്നതിന്റെ ചെലവ് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി കണക്കാക്കി ഈ തുക പാലിയേറ്റീവ് ഫണ്ടിൽ നിന്ന് ചെലവഴിക്കുകയാണ് വേണ്ടത്. എന്നാൽ പ്രതിമാസം ₹12,000/- വാഹന വാടക ഇനത്തിലും ഡ്രൈവറുടെ വേതനം ഇനത്തിലും പ്രൊജക്ടിൽ നിന്ന് ചെലവഴിക്കുകയാണ് ചെയ്തിരിക്കുന്നത്. സർക്കാർ നിർദ്ദേശ പ്രകാരം ഈയിനത്തിലെ ചെലവ് തുക നിർണ്ണയിച്ച് അധികം

വന്ന തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

1-22-1 മഴക്കാല പൂർവ്വ ശുചീകരണം - അഡ്വാൻസ് നൽകിയ തുക ഈടാക്കിയില്ല

| | |
|---|---|
| വൗച്ചർ നം. | 22100048, Dt. 20-04-2021 |
| ചെലവ് | ₹190000/- |
| ഇനം | പ്രീ-മൺസൂൺ ക്ലീനിംഗ് - തുക അനുവദിച്ചത് |

വൗച്ചർ നമ്പർ 22100048, Dt. 11-10-2021 പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷൻ വിഹിതമായിട്ടുള്ള ₹1,90,000/- അഡ്വാൻസായി ഫാമിലി ഹെൽത്ത് സെന്ററിന് തനത് ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. ടി തുക ശുചിത്വ മിഷനിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-22-2 മഴക്കാല പൂർവ്വ ശുചീകരണം -ചെലവ് രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല.

| | |
|---|---|
| വൗച്ചർ നം | 22100048, 49, 50/dt. 20-04-2021 |
| ചെലവ് | ₹475000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ |
| ഇനം | പ്രീ-മൺസൂൺ ക്ലീനിംഗ് - തുക അനുവദിച്ചത് |

വൗച്ചർ നമ്പർ 22100048, 49, 50/dt. 11-10-2021 പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷൻ വിഹിതമായിട്ടുള്ള ₹1,90,000/-യും ഗ്രാമപഞ്ചായത്ത് വിഹിതമായി ₹95,000/-യും എൻ.എച്ച്.എം. വിഹിതമായി ₹1,90,000/-യും അടക്കം ആകെ ₹4,75,000/- 19 വാർഡുകളിലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി മെഡിക്കൽ ഓഫീസർ ഫാമിലി ഹെൽത്ത് സെന്ററിന് ഗ്രാമപഞ്ചായത്തിൽ നിന്ന് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ വാർഡ് 1, 2, 11, 16, 18 വാർഡുകളിലേത് ഒഴികെയുള്ള ചെലവ് രേഖകൾ മാത്രമാണ് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും അവയുടെ ചെലവ് രേഖകൾ തയ്യാറാക്കുന്നതിനും ചുമതലപ്പെട്ട പി.എച്ച്.സി.-യിലെ ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥരും (ഹെൽത്ത് ഇൻസ്പെക്ടർമാർ) കണക്കുകൾ ക്രോഡീകരിക്കുന്നതിന് ചുമതലപ്പെട്ട ക്ലറിക്കൽ വിഭാഗം ഉദ്യോഗസ്ഥരും ഈ വീഴ്ചയ്ക്ക് ഉത്തരവാദികളാണ്. മറ്റ് വാർഡുകളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ ₹3,50,000/- (14x25000) തടസ്സപ്പെടുത്തുന്നു.

1-23 ആസ്തി രജിസ്റ്റർ അപൂർണ്ണം

പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ അതിൽ ചേർത്തിട്ടുള്ള സ്ഥലങ്ങൾ, കെട്ടിടങ്ങൾ, കുളങ്ങൾ മുതലായ സ്ഥാവര ആസ്തികളുടെ വിവരങ്ങൾ ചേർത്തിട്ടുള്ളത് അപൂർണ്ണമാണ് എന്ന് കാണുന്നു. പഞ്ചായത്തിന്റേതല്ലാത്ത ലൈബ്രറികളുടെ കെട്ടിടങ്ങൾ, സ്ഥലങ്ങൾ എന്നിവ പോലും ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതായും കാണുന്നു (ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു). ടി വസ്തുക്കളിൽ പഞ്ചായത്തിനുള്ള ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകളോ, വിശദാംശങ്ങളോ ഓഡിറ്റിന് ലഭ്യമാക്കിയില്ല. രേഖകളുടെ അടിസ്ഥാനത്തിൽ ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

| ക്രമ നം. | ഭൂമിയുടെ/കെട്ടിടത്തിന്റെ വിവരം | ഇനം | വിസ്തീർണ്ണം | | | ആസ്തി രജിസ്റ്റർ പേജ് |
|---|---|---|---|---|---|---|
| | | | ഹെക്ടർ | ആർ | ച.മീ. | |
| 1 | പാറത്തോട് ബസ്സ്റ്റാന്റ് | ഭൂമി | 0 | 20 | 23 | 1 |
| 2 | മരത്താനം ശവപ്പറമ്പ് | | | 20 | 24 | 2 |
| 3 | കുടുംബശ്രീ പനംകട്ടി | | | 1 | 21 | 3 |

| | | | | | | |
|---|---|---|---|---|---|---|
| 4 | മുതിരപ്പുഴ | | | 2 | 0.023 | 3 |
| 5 | മുതിരപ്പുഴ എസ്.എൻ.ഡി.പി. | | | 2 | 0.020 | 4 |
| 6 | മരക്കാനം | | | | 80.94 | 5 |
| 7 | പാറത്തോട് | | | 1 | 21.40 | 5 |
| 8 | അമ്പഴം സിറ്റി | | | 1 | 21.41 | 6 |
| 9 | അക്ഷര കാവാട്ടുമാലിപ്പടി | | | 1 | 21.41 | 6 |
| 10 | കമ്പിളികണ്ടം | | | | 80.94 | 7 |
| 11 | കാവാട്ടുമാലിപ്പടി | | | 1 | 21.40 | 7 |
| 12 | കണ്ണാടിപ്പാറ | | | 1 | 21.41 | 8 |
| 13 | കൊന്നത്തടി എൽ.പി.എസ്. | | | 1 | 21.4 | 8 |
| 14 | ചതുരക്കള്ളിപ്പാറ | | | 1 | 61.88 | 9 |
| 15 | പനംകുട്ടി | | | 1 | 21.41 | 9 |
| 16 | ഇല്ലിസിറ്റി | | | 2 | 2.35 | 11 |
| 17 | ചുരുളി സബ് സെന്റർ | | | 6 | 7.05 | 25 |
| 18 | എസ്.എൻ. ലൈബ്രറി ഇഞ്ചപ്പതാൽ | | | 2 | 2.370 | 35 |
| 19 | മാർക്കറ്റ്, കമ്പിളികണ്ടം | കെട്ടിടം | | 6 | 72 | 1 |
| 20 | സ്വപ്ന ലൈബ്രറി | | | 1 | 21 | 15 |
| 21 | കൊന്നത്തടി, പാടശേഖര നെല്ലുൽപാദന സമിതി | | | | 0.81 | 37 |
| 22 | തെള്ളിത്തോട്-കോയിക്കക്കുടി ഭാഗം കുളം | കുടിവെള്ള പദ്ധതിക്കായി കുളം | | | | 5 |
| 23 | ചിന്നാർ-കിഴക്കേൽ ഭാഗം കുളം | | | | | 6 |
| 24 | കുരിശുകുത്തി-കുളപ്പുറം ഭാഗം കുളം | | | | | 9 |
| 25 | കുരിശുകുത്തി-കോയിക്കക്കുടി ഭാഗം കുളം | | | | | 8 |
| 26 | കുരിശു കുത്തി-മഞ്ഞക്കുന്നേൽ ഭാഗം കുളം | | | | | 8 |
| 27 | കുരിശു കുത്തി-തോട്ടുപുറം ഭാഗം കുളം | | | | | 9 |
| 28 | അഞ്ചാം മൈൽ-ഇരട്ടമാക്കൽ ഭാഗം | | | | | 12 |
| 29 | അഞ്ചാം മൈൽ-മുരിങ്ങയിൽ ഭാഗം | | | | | 12 |
| 30 | അഞ്ചേരി പുരയിടം പദ്ധതി | | | | | 61 |

### 1-24-1 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ - പൂർത്തിയായില്ല

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| ബിൽനം./വൗച്ചർ നമ്പർ/തുക | 22101263/19.03.2022 ₹1801677/- (CFCഗ്രാന്റ്) |

കെ.എസ്.ഇ.ബി. കമ്പിളികണ്ടം സെക്ഷന് കീഴിലുള്ള ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിൽ ആകെ 14.08 കി.മീ. നീളത്തിലും രാജാക്കാട് സെക്ഷന് കീഴിലുള്ള ഒന്നാം വാർഡിൽ 880 മീറ്റർ നീളത്തിലും സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനായി മേൽ വൗച്ചർ പ്രകാരമുള്ള തുക കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഒടുക്കിയിരിക്കുന്നു. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ₹18,01,677/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-24-2 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക അനുവദിച്ചത് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(നം.) | ബിൽ നം./തീയതി | മുൻകൂർ നൽകിയ തുക (₹) |
|---|---|---|---|
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | വള്ളക്കടവ് കുടിവെള്ള പദ്ധതി | 22101111/31.03.2022 | 42129 |

| | | | |
|---|---|---|---|
| | (182/21) | | |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | വിമല സിറ്റി ഭാഗം കടിവെള്ള പദ്ധതി (204/21) | 22101112/31.03.2022 | 61033 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | ചിന്നാർ നിരപ്പ് ഭാഗം കുടിവെള്ള പദ്ധതി (197/21) | 22101255/31.03.2022 | 59601 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | കണ്ണാടിപ്പാറ കുഴൽകിണർ നിർമ്മാണം (134/21) | 42100162/31.03.2022 | 69143 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | കുഴൽ കിണർ നിർമ്മാണം വാർഡ് 15(137/21) | 42100163/31.03.2022 | 73276 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | നെടിയാനിത്തണ്ട് ഭാഗം കുഴൽകിണർ നിർമ്മാണം (138/21) | 42100164/31.03.2022 | 73276 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | എസ്. വളവ് ഭാഗം കുഴൽകിണർ നിർമ്മാണം (142/21) | 42100165/31.03.2022 | 73276 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | ചിന്നാർ നിരപ്പ് ഭാഗം കുഴൽകിണർ നിർമ്മാണം (147/21) | 42100166/31.03.2022 | 73276 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | പെരിഞ്ചാം കുട്ടി കുഴൽകിണർ നിർമ്മാണം (149/21) | 42100167/31.03.2022 | 73276 |
| | | ആകെ | 600536 |

പ്രവ്യത്തികൾ പൂർത്തീകരിക്കാത്തതിനാൽ ചെലവഴിച്ച ₹6,00,536/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | ഓഡിറ്റിനോടൊപ്പം പരിശോധിച്ച | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്റ്റിന്റെ പേര് | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 905776 | അങ്കണവാടി പോഷകാഹാരം | 905776 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 250000 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-2022 | 499137 | ക്ഷീര കർഷകർക്ക് ഇൻസെന്റീവ് | 499137 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(നം.) | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ (96/21) | 1801677 | ഇല്ല | 1801677 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | വള്ളക്കടവ് കുടിവെള്ള പദ്ധതി (182/21) | 42129 | ഇല്ല | 42129 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | വിമല സിറ്റി ഭാഗം കുടിവെള്ള പദ്ധതി (204/21) | 61033 | ഇല്ല | 61033 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | ചിന്നാർ നിരപ്പ് ഭാഗം കുടിവെള്ള പദ്ധതി (197/21) | 59601 | ഇല്ല | 59601 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | കണ്ണാടിപ്പാറ കുഴൽകിണർ നിർമ്മാണം (134/21) | 69143 | ഇല്ല | 69143 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | കുഴൽ കിണർ നിർമ്മാണം വാർഡ് 15(137/21) | 73276 | ഇല്ല | 73276 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | നെടിയാനിത്തണ്ട് ഭാഗം കുഴൽകിണർ നിർമ്മാണം (138/21) | 73276 | ഇല്ല | 73276 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | എസ്. വളവ് ഭാഗം കുഴൽകിണർ നിർമ്മാണം (142/21) | 73276 | ഇല്ല | 73276 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | ചിന്നാർ നിരപ്പ് ഭാഗം കുഴൽകിണർ നിർമ്മാണം (147/21) | 73276 | ഇല്ല | 73276 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | പെരിഞ്ചാം കുട്ടി കുഴൽകിണർ നിർമ്മാണം (149/21) | 73276 | ഇല്ല | 73276 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

– ഇല്ല –

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | തൻ വർഷം ലഭിച്ച വായ്പ തുക (₹) | വർഷാരംഭ ത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ (₹) | പലിശ (₹) | |
| ജവഹർ ഭവന പദ്ധതി | 299564/ ഡി.ബി.15/ എൽ.എസ്.ജി.ഡി. തീയതി:01.10.2015 | - | 15323472 | 5578033 | 520000 | 9745439 |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്.) 124/2018 എൽ.എസ്.ജി.ഡി. തീയതി.11.09.2018 | 220000 | 36618666 | 3050666 | 0 | 33788000 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹621390 |
| തൻവർഷം നിക്ഷേപിച്ച തുക | ₹0 |
| ആകെ | ₹621390 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | ₹621390 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക ₹ | റിമാർക്സ് |
|---|---|---|---|---|---|
| 1 | പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നെടുങ്കണ്ടം | 14.06.2018 | 1 വർഷം | 621390 | |
| | | | ആകെ | 621390 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹1,34,263/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ ഡി.ഡി. നം./ തീയതി |
|---|---|---|---|---|
| 1998-99 | 25 | 10 | കെ. രവി | 121120102412/09.12.2021 |
| 1998-99 | 25 | 10 | കെ. രവി | 121120102410/09.12.2021 |
| 1998-99 | 21(4) | 5 | കെ. രവി | 121120102409/09.12.2021 |
| 1997-98, 1998-99 | | 134248 | സോമൻ പിണക്കാട്ട് | 121020900060 തീ. 31-03-2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം/ ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1 | 2014-15 2-3 | 2016-17 | അനുബന്ധം-3 | വസ്തുനികുതി അപാകതകൾ | - |
| 2 | 2015-16 2-4 | 2016-17 | അനുബന്ധം-4 | വസ്തുനികുതി അപാകതകൾ | - |
| 3 | 2015-16 2-2 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി സംബന്ധിച്ച് | - |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ | ചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ | സർചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള | റവന്യൂ റിക്കവറി നടപടി | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ | റിമാർ |
|---|---|---|---|---|---|---|---|---|---|---|---|

| | | | സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | | | തുക (രസീത് നം./ തീയതി) | തുക യഥാ സമയം സ്ഥാപന ത്തിന്റെ ഡിമാന്റിൽ ഉൾപ്പെട്ട ത്തിയി ട്ടുണ്ടോ | യിലൂടെ ഈടാ ക്കിയ തുക, തീയതി | | | | ബാധ്യത ₹ | ക്ക് സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാ ക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1999-00 | 26 | കെ. രവി, സെക്രട്ടറി | എൽ.എഫ്. 19234/ സ്പെ.സെൽ എസ്.സി.2/ 2003, 20.08.04/ 22.09.04 | 36768 | 0 | | 0 | 0 | 0 | 0 | 36768 | - |

ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗീക സ്ഥാനം., ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാ ക്കിയ തുക (രസീത് നം./ തീയതി) | സർചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാ സമയം സ്ഥാപന ത്തിന്റെ ഡിമാന്റിൽ ഉൾപ്പെട്ട ത്തിയി ട്ടുണ്ടോ | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക, തീയതി | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭിച്ച തുക ₹ | അവ ശേഷി ക്കുന്ന തുക/ ബാധ്യത ₹ | റി മാ ർ ക്ക് സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക ₹ | | | | ഉൾ പ്പെട്ട തുക ₹ | ഈടാ ക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1998-99 | 31, 32, 34 | കെ. രവി സെക്രട്ടറി | എൽ.എഫ്. 22661/ സ്പെ.സെൽ എസ്.സി. 2/2003 20.08.04/ 27.04.03 | 2622 | 0 | | 0 | 0 | 0 | 0 | 2622 | ... |
| 2 | 1999-00 | 27,29, 38 (1)& (2) | പി. എസ്. രാജപ്പൻ സെക്രട്ടറി | എൽ.എഫ്. 19234/ സ്പെ.സെൽ എസ്.സി. 2/2003 20.08.04/ 22.09.04 | 6448 | 0 | | 0 | 0 | 0 | 0 | 6448 | ... |
| 3 | 1999-00 | 35, 36 | കെ. രവി സെക്രട്ടറി | എൽ.എഫ്. 19234/ സ്പെ.സെൽ എസ്.സി. 2/2003, 20.08.04/ 22.09.04 | 20474 | 0 | | 0 | 0 | 0 | 0 | 20474 | ... |
| 4 | 1999-00 | 39 | എ. മുരളീധരൻ അസി. എഞ്ചിനീയർ | എൽ.എഫ്. 19234/ സ്പെ.സെൽ എസ്.സി. | 6828 | 0 | | 0 | 0 | 0 | 0 | 6828 | ... |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | 2/2003, 11.03.2005/ 26.03.2005 | | | | | | | | | |
| 5 | 2000-01 | 30(3) | വി. എസ്. മുഹമ്മദ് സെക്രട്ടറി | എൽ.എഫ്. 7073/ സ്പെ.സെൽ എസ്.സി. 2/2005, 04.07.2006 | 17520 | 0 | | 0 | 0 | 0 | 0 | 17520 | ... |
| 6 | 2004-05 | 3-11 (Part) | കെ. എ. റഷീദ് അസി. എഞ്ചിനീയർ | എൽ.എഫ്. 18560/ സ്പെ.സെൽ എസ്.സി. 2/2008, 06.02.2010 | 3608 | 0 | | 0 | 0 | 0 | 0 | 3608 | ... |
| 7 | 2004-05 | 3-11 (Part) | കെ. സുധാകരൻ അസി. എഞ്ചിനീയർ | എൽ.എഫ്. 18560/ സ്പെ.സെൽ എസ്.സി. 2/2008, 21.11.2009 | 3608 | 0 | | 0 | 0 | 0 | 0 | 3608 | ... |
| 8 | 2005-06 | 3-1, 3-2 | സി. ജി. ചന്ദ്രമോഹൻ സെക്രട്ടറി | എൽ.എഫ്. 17882/ സ്പെ.സെൽ എസ്.സി. 2/2009, 18.01.2011 | 23055 | 0 | | 0 | 0 | 0 | 0 | 23055 | ... |
| 9 | 2005-06 | 3-7 | എ. സോമൻ സെക്രട്ടറി | എൽ.എഫ്. 17882/ സ്പെ.സെൽ എസ്.സി. 2/2009 18.01.2011 | 8520 | 0 | | 0 | 0 | 0 | 0 | 8520 | ... |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ് | ₹18801030/- |
| ഓഡിറ്റ് വർഷത്തെ വരവ് | ₹87871546/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹106672576/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹82192884/- |
| തൻവർഷത്തെ നീക്കിയിരിപ്പ് | ₹24479692/- |
| വരവിനങ്ങളിലുള്ള നഷ്ടം | -ഇല്ല- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -ഇല്ല- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹3132365/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തടസ്സപ്പെടുത്തിയ തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 20152 | ശ്രീമതി കാഞ്ചന റ്റി. കെ., അസിസ്റ്റന്റ് സെക്രട്ടറി |
| 1-18 | 100000 | ശ്രീ. പി. ഹരിദാസ്, സെക്രട്ടറി |
| 1-19-1 | 50000 | ശ്രീമതി സിജി എം. എ., കൃഷി ഓഫീസർ |
| 1-19-2 | 210000 | ശ്രീമതി സിജി എം. എ., കൃഷി ഓഫീസർ |
| 1-24-1 | 1801677 | ശ്രീ. പി. ഹരിദാസ്, സെക്രട്ടറി |
| 1-24-2 | 600536 | ശ്രീ. പി. ഹരിദാസ്, സെക്രട്ടറി |
| 1-25 | 350000 | ഡോ. ദീപു കൃഷ്ണ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി കാഞ്ചന റ്റി. കെ.<br>അസിസ്റ്റന്റ് സെക്രട്ടറി | അസി. സെക്രട്ടറി<br>കൊന്നത്തടി ഗ്രാമപഞ്ചായത്ത് | വടക്കേവീട്ടിൽ<br>ബ്രഹ്മമംഗലം പി. ഒ.<br>കോട്ടയം |
| ശ്രീ. പി. ഹരിദാസ്<br>സെക്രട്ടറി | സെക്രട്ടറി<br>കൊന്നത്തടി ഗ്രാമപഞ്ചായത്ത് | ചെത്തിവട്ടത്തിൽ<br>കുറുപ്പൻകുളങ്ങര പി. ഒ.<br>ചേർത്തല |
| ശ്രീമതി സിജി എം. എ.<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>കൊന്നത്തടി | കൂവപ്പറമ്പിൽ<br>മച്ചിപ്ലാവ് പി. ഒ.<br>ചാറ്റുപാറ |
| ഡോ. ദീപു കൃഷ്ണ<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ<br>സേനാപതി | ചാഞ്ഞപ്ലാക്കൽ<br>ഒളമറ്റം പി. ഒ.<br>തൊടുപുഴ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ നമ്പർ | അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് |
|---|---|---|---|
| 1995-96 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/ | 5 | 14(1, 2, 3, 4, 5), |

| | | | |
|---|---|---|---|
| | 2022(1995-96അദാലത്ത്-9/22)തീ.22-09-22 | | 15, 16, 17, 22. |
| 1998-99 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022 (1998-99അദാലത്ത് -9/22) തീ.22-09-2022 | 5 | 26,29,31,32,34 |
| 1999-00 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/ 2022(1999-00അദാലത്ത് -9/22) തീ.22-09-2022 | 15 | 26,27,30,33,34, 35,36,38(1,2),39, 40,41,42,44,45,46 |
| 2000-01 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022 (2000-01അദാലത്ത് -9/22) തീ.22-09-2022 | 3 | 30,31,32 |
| 2002-03 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022 (2002-03അദാലത്ത് -9/22) തീ.22-09-2022 | 4 | 3-18,3-20, 3-21,3-22 |
| 2003-04 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022 (2003-04അദാലത്ത് -9/22) തീ.22-09-2022 | 3 | 3-5, 3-6, 3-7 |
| 2004-05 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022 (2004-05അദാലത്ത് -9/22) തീ.22-09-2022 | 7 | 3-5,3-8,3-9,3-10, 3-11,3-13,3-14 |
| 2005-06 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022 (2005-06അദാലത്ത് -9/22) തീ.22-09-2022 | 8 | 3-1,3-2,3-5,3-6, 3-7,3-8,3-11,3-16 |
| 2006-07 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022 (2006-07അദാലത്ത് -9/22) തീ.22-09-2022 | 5 | 3-1,3-5,3-6, 3-7,3-9 |
| 2007-08 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022 (2007-08അദാലത്ത് -9/22) തീ.22-09-2022 | 2 | 3-4,3-5 |
| 2008-09 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022 (2008-09അദാലത്ത് -9/22) തീ.22-09-2022 | 1 | 3-4 |
| 2009-10 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022 (2009-10അദാലത്ത് -9/22) തീ.22-09-2022 | 4 | 3-5,3-6(എ,ബി,സി), 3-7,3-8 |
| 2010-11 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022 (2010-11അദാലത്ത്-9/22) തീ.22-09-2022 | 3 | 3-6,3-11,3-17 |
| 2011-12 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022 (2011-12അദാലത്ത്-9/22) തീ.22-09-2022 | 1 | 3-4 |
| 2012-13 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022 (2012-13അദാലത്ത് -9/22) തീ.22-09-2022 | 3 | 3-6,3-8,3-9 |
| 2013-14 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022 (2013-14അദാലത്ത് -9/22) തീ.22-09-2022 | 5 | 3-1,3-2,3-7,3-8, 3-12 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022 (2014-15അദാലത്ത് | 9 | 2-1,2-2,2-3,3-2, |

| | | | |
|---|---|---|---|
| | -9/22) തീ.22-09-2022 | | 3-3,3-6,3-8,3-9 ,3-11 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022 (2015-16അദാലത്ത് -9/22) തീ.22-09-2022 | 4 | 2-2,2-3,2-4,3-10 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022 (2016-17അദാലത്ത് -9/22) തീ.22-09-2022 | 3 | 2-1,3-6,3-7 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022 (2017-18അദാലത്ത് -9/22) തീ.22-09-2022 | 4 | 2-1,3-2,3-6,3-15 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022 (2018-19അദാലത്ത് -9/22) തീ.22-09-2022 | 5 | 1-12,1-14,1-22, 1-26,1-27 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ.7/193/2022 തീ.08-04-2022 | 14 | 1-8,1-9,1-10,1-11, 1-13,1-14,1-15,1-16, 1-17,1-19,1-20, 1-27,1-28 |
| 2020-21 | കെ.എസ്.എ.ഐ.ഡി.കെ.7/194/2022 തീ.27-04-2022 | 13 | 1-8,1-10,1-11,1-12, 1-13, 1-14,1-15,1-16,1-17, 1-18,1-20,1-22,1-23 |

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്